# 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5320** — **15-03-2023 - ൽ മറുപടിയ്ക്ക്**

## വിലത്തകർച്ചയിൽ നിന്നും കർഷകരെ സംരക്ഷിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കാനും അവയ്ക്ക് വേണ്ട ധനസഹായം അനുവദിക്കാനും അതുവഴി വിലത്തകർച്ചയിൽ നിന്ന് കർഷകരുടെ സംരക്ഷണം ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ) | കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്നതിനും കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക, ഉത്പന്ന സംഭരണം, ഉത്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനുമായി മൂല്യവർദ്ധിത കൃഷി മിഷൻ (Value Added Agriculture Mission -VAAM) രൂപീകരിച്ചിട്ടുണ്ട് .<br><br>2022-23 വർഷം മുതൽ കാർഷിക മേഖലയിൽ സർക്കാർ നടപ്പിലാക്കുന്ന വിളയിടാധിഷ്ഠിത കൃഷി രീതിയിൽ മൂല്യ വർദ്ധിത കാർഷിക ഉത്പന്നങ്ങളുടെ ഉല്പ്പാദനവും സംസ്കരണവും വിപണനവും മുഖ്യ ലക്ഷ്യമാണ്.<br><br>2021- 22 വർഷത്തിൽ ആരംഭിച്ച "ഞങ്ങളും കൃഷിയിലേക്ക്" എന്ന ക്യാമ്പയിനിന്റെ ഭാഗമായി രൂപീകൃതമായ കൃഷിക്കൂട്ടങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണനം നടത്തിവരുന്നുണ്ട് . 'ഒരു കൃഷി ഭവൻ ഒരു ഉൽപ്പന്നം' എന്ന ലക്ഷ്യമാണ് കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്.<br><br>മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങളുടെ വിപണികൾ പ്രവർത്തിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള ഇക്കോഷോപ്പുകൾ വഴിയും ഉത്പന്നങ്ങളുടെ വിപണനം നടത്തി വരുന്നു. വി.എഫ്.പി.സി.കെയുടെ കീഴിൽ പ്രവർത്തിക്കുന്ന മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ കേന്ദ്രത്തിൽ നിന്നുള്ള ഉത്പന്നങ്ങൾ 'തളിർ' എന്ന ഏകീകൃത ബ്രാൻഡിൽ വിപണനം ചെയ്യുന്നു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി |

ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത പച്ചക്കറികൾ വിപണിയിലെത്തിക്കുന്നതിനും ലക്ഷ്യമിടുന്നു. കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവും സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിനും പൊതു സംരഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്നതിനായി ഇൻക്യൂബേഷൻ സെന്ററുകൾ എറണാകുളം, കോഴിക്കോട് ജില്ലകളിൽ തുടങ്ങുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. വിപണന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഓൺ ലൈൻ വിപണന പ്ലാറ്റ് ഫോം സജ്ജമാക്കുന്നതിനും പരിഗണിച്ച് വരുന്നു.

മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി 'One District One Product' അധിഷ്ഠിതമായി ആരംഭിച്ച ജില്ലതോറുമുള്ള മൈക്രോ സംരംഭങ്ങളുടെ കൂട്ടായ്മ വിപണി സംബന്ധമായ അറിവുകൾ പകർന്നു നൽകി വരുന്നു.

2022-23 'വിളവെടുപ്പിന് ശേഷമുള്ള പരിശീലനവും മൂല്യവർദ്ധനവും' പദ്ധതി പ്രകാരം എസ്.എഫ്.എ.സി മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ ചെറുകിട ഇടത്തര മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിലെ സംരംഭകർക്ക് മൂലധന നിക്ഷേപങ്ങൾക്ക് അനുസൃതമായി ധനസഹായം നല്കുന്നു.

കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പുവരുത്തുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനുമായി കർഷക ഉത്പാദക സംഘടനകൾ (എഫ്.പി.ഒ കൾ) രൂപീകരിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ പദ്ധതി പ്രകാരം 44 പുതിയ കർഷക ഉത്പാദക സംഘങ്ങളുടെ രൂപീകരണവും നിലവിലുള്ള 49 കർഷക ഉത്പാദക സംഘടനകളുടെ ശാക്തീകരണവും നടപ്പാക്കി വരുന്നു. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന 10000 എഫ്.പി.ഒ കളുടെ രൂപീകരണ പദ്ധതി പ്രകാരം ഏജൻസികളായ നബാർഡ്, എസ് എഫ് എ.സി., നാഫെഡ്, എൻ.സി.ഡി.സി എന്നിവ മുഖാന്തരം 76 എഫ് പി.ഒ കൾ കേരളത്തിൽ രൂപീകരിച്ചിട്ടുണ്ട്. എഫ്.പി.ഒ കൾക്ക് വിവിധ പദ്ധതി പ്രകാരം നൽകി വരുന്ന എല്ലാ ആനുകൂല്യങ്ങളും സംയോജിപ്പിച്ച് നൽകുന്നു. ഇത്തരത്തിൽ എ.ഐ.ഫണ്ട്, എം.എസ്.എം.ഇ കൾക്കുള്ള വിവിധ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ കർഷക

| | | | |
|---|---|---|---|
| | | | ഉൽപ്പാദക സംഘടനകളുടെ ശാക്തീകരണത്തിനായി സംയോജിപ്പിച്ചിട്ടുണ്ട്.<br><br>Agri Business Incubator എന്ന പേരിൽ പ്രവർത്തിക്കുന്ന കേരള കാർഷിക സർവ്വകലാശാലയുടെ സ്ഥാപനം വാണിജ്യ ആവശ്യത്തിനായി കമ്പനി തുടങ്ങുന്നവർക്ക് ഉപയോഗിക്കാൻ കഴിയുന്ന വലിയ യന്ത്രങ്ങളുടെ പ്രദർശനവും പരിശീലനവും നൽകി വരുന്നു. ഒരു പുതിയ സംരംഭം തുടങ്ങുവാൻ ശ്രമിക്കുന്ന ഉപഭോക്താവിനു തന്നെ ഉത്പന്നം ഇവിടെ പരീക്ഷിച്ച് ഗുണമൂല്യവും ലാഭനഷ്ടവും കണക്കാക്കി തീരുമാനം എടുക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനും അതുവഴി സുസ്ഥിര കാർഷിക വികസനത്തിനുമായി അഗ്രോ പാർക്കുകൾ സ്ഥാപിച്ചു വരുന്നു. ഓരോ വിളയെ അടിസ്ഥാനമാക്കി നാളീകേരം, നേന്ത്രക്കായ, തേൻ, മാങ്ങ, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ ഒരുക്കുന്നതിനാണ് അഗ്രോ പാർക്കുകളിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ